LIBRARY ARCHIVES Kerala Legislative Assembly

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) റോഡപകടങ്ങളുടെയും തന്മൂലമുള്ള മരണങ്ങളുടെയും എണ്ണം കുറയ്ക്കുക, എല്ലാ വിഭാഗം ഡ്രൈവർമാരിലും വിദ്യാർത്ഥികളിലും റോഡ് സുരക്ഷാ അവബോധവും ഗതാഗത നിയമങ്ങളിലുള്ള അവബോധവും വളർത്തുക എന്നിവയാണ് ഈ പദ്ധതിയുടെ ലക്ഷ്യങ്ങൾ.

(സി) ഒരു അംഗീകരിച്ച കർമ്മ പദ്ധതിയുടെ അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റിയിൽനിന്നും ലഭിക്കുന്ന ധനസഹായത്തോടെയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നത്.

ജയിലുകളിൽ സൗരോർജ്ജ പദ്ധതി

17(*617) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ആർ. സെൽവരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജയിലുകളിൽ സൗരോർജ്ജം ഉൽപ്പാദിപ്പിക്കുന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇത് വഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ഇത് നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) :

(എ) 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി, വിവിധ ജയിലുകളിൽ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്.

(ബി) ജയിലുകളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിച്ചതുവഴി, കെ.എസ്.ഇ. ബി. വിതരണം ചെയ്യുന്ന വൈദ്യുതി ഇല്ലാത്തപ്പോൾപ്പോലും ജയിലുകളിലും പരിസരങ്ങളിലും ആവശ്യമായ പ്രകാശം ഉറപ്പുവരുത്തുവാനും അതുവഴി ജയിൽ സുരക്ഷ വർദ്ധിപ്പിക്കുവാനും കഴിയുന്നു. കൂടാതെ സൗരോർജ്ജം ഉപയോഗിക്കുകവഴി കെ.എസ്.ഇ.ബി. വിതരണം ചെയ്യുന്ന വൈദ്യുതിയുടെ ഉപഭോഗത്തിൽ കുറവ് വരികയും അതുവഴി വൈദ്യുതി ചാർജ്ജിനത്തിൽ ഉക ലാഭിക്കുവാനും കഴിയുന്നു.

(സി) 13-ാം ധനകാര്യകമ്മീഷൻ അവാർഡിൽ ഉൾപ്പെടുത്തി, 27.54 കോടി രൂപയുടെ (ഇരുപത്തിയേഴ് കോടി അൻപത്തിനാല് ലക്ഷം രൂപ) പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിട്ടുണ്ട്.

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.